പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T7406** **17.7.2012-ൽ മറുപടിക്ക്**

**നഗരശുചീകരണത്തിനും മാലിന്യനിർമ്മാർജ്ജനത്തിനും പോലീസിന്റെ സഹായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരശുചീകരണത്തിനും, മാലിന്യ നിർമ്മാർജ്ജനത്തിനുമായി പോലീസിന്റെ കഴിവും കർമ്മശേഷിയും ഉപയോഗപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ ; | എ) നഗര ശുചീകരണവും മാലിന്യ നിർമ്മാർജ്ജനവും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാര പരിധിയിൽ വരുന്നതാണ്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ മേഖലയിൽ സുഗമമായി പ്രവർത്തനം നടത്തുവാൻ വിഘാതം ഉണ്ടാക്കുന്ന സാഹചര്യത്തിൽ ക്രമസമാധാന പാലനത്തിനായി പോലീസിനെ ഉപയോഗപ്പെടുത്താറുമുണ്ട്. കൂടാതെ വാഹനങ്ങളിൽ മാലിന്യം കടത്തിക്കൊണ്ടുപോയി ജലാശയങ്ങളിൽ തള്ളുന്നത് തടയാനായി അത്തരത്തിലുള്ള വാഹനങ്ങൾ പിടിച്ചെടുത്ത് കേസ് എടുക്കാനും അധികാരം നൽകിക്കൊണ്ട് നിയമഭേദഗതി വരുത്തിയിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതി എപ്രകാരം ഫലപ്രദമായി നടത്താൻ സാധിക്കും എന്നതു സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ ; | ബി) പ്രത്യേക പഠനം നടത്തിയിട്ടില്ലെങ്കിലും പോലീസിന്റെ കഴിവും കർമ്മശേഷിയും നഗര ശുചീകരണത്തിനും, മാലിന്യ നിർമ്മാർജ്ജനത്തിനും എപ്രകാരം വിനിയോഗിക്കാൻ കഴിയുമെന്ന് പരിശോധിക്കാവുന്നതാണ്. |
| സി) നിലവിൽ ഈ രീതിയിൽ നഗരശുചീകരണത്തിനും മാലിന്യ നിർമ്മാർജ്ജനത്തിനുമായി പോലീസിനെ ഉപയോഗപ്പെടുത്തുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് എന്നറിയിക്കുമോ? | സി) മാലിന്യ നീക്കത്തിന് പ്രശ്നങ്ങൾ ഉളള ചില നഗരസഭകളിൽ പോലീസ് സഹായം തേടി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ